ഏതാനും ആയിരം ഡോളറേ ചെലവുവരുകയുള്ളു. ഇത്തരം ബോംബുകൾ ഒരു അംബാസിഡർ കാറിൽ കയററിക്കൊണ്ടുപോവുകയുമാവാം. ചെറിയ അണുബോംബുകൾ ഗവണ്മെൻറുകൾ നിർമ്മിച്ച് അയൽരാജ്യങ്ങളിലെ ഭീകരസംഘങ്ങൾക്ക നൽകിക്കൂടായ്കയില്ല. രാജ്യതന്ത്രത്തിൽ എന്താണ് സംഭവിക്കാൻ പാടില്ലാത്തതു്?

പാകിസ്ഥാനിലെ അണുബോംബ്നിർമ്മാണപരിശ്രമങ്ങളെപ്പററി നാം സംഭ്രാന്തരാകേണ്ടതില്ല. എന്നാൽ, വസ്തുതകൾക്കനേരെ നാം കണ്ണടച്ചുകൂടാ. ഒട്ടകപ്പക്ഷിനയം ആർക്കും ഗുണംചെയ്യില്ല. ഭരണകക്ഷിയെന്നപോലെ പ്രതിപക്ഷകക്ഷികളും, സർക്കാർ എന്നപോലെ സാധാരണ ജനങ്ങളും, ഉദ്ബുദ്ധമായ താല്പര്യത്തോടെ ഈ വസ്തുതകൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

കഃ കാലഃ കാനി മിത്രാണി
കോ ദേശഃ കൌ വ്യയാഗമൌ
കശ്ചാഹം കാ ചമേ ശക്തിഃ
ഇതി ചിന്ത്യം മുഹുർമുഹുഃ

(കാലം ഏതു്, സുഹൃത്തുക്കൾ ആർ, ദേശം ഏതു്, ചെലവ് എന്തു്, വരവ് എന്തു്, ഞാൻ ആരു്, എൻെറ ശക്തി എത്രമാത്രം—എന്നു കൂടെക്കൂടെ ആലോചിക്കേണ്ടതാണ്.) എന്ന ഉപദേശം വ്യക്തികളുടെ കാര്യത്തിലെന്നപോലെ രാഷ്ട്രങ്ങളുടെ കാര്യത്തിലും പ്രസക്തമാകുന്നു.

(10 ജൂൺ, 1985)

# 6. മുങ്ങിക്കപ്പലുകൾ

'ഇൻഫ്ളെക്സിബിൾ' എന്ന പുതിയ ഫ്രഞ്ച് മുങ്ങിക്കപ്പൽ 1985 മെയ് അവസാനവാരത്തിൽ ഫ്രഞ്ച് നാവികസേനയിലെ അതിൻെറ സേവനം ആരംഭിച്ചു. അണുശക്തികൊണ്ടു പ്രവർത്തിക്കുന്ന ഈ മുങ്ങിക്കപ്പലിൽ ആഫീസർമാരും ഭടന്മാരുമായി നൂററിയിരുപത്തേഴ ജോലിക്കാർ പ്രവർത്തിക്കുന്നു. കപ്പലിൽ കിട്ടുന്ന വിഭവസമൃദ്ധമായ ഭക്ഷണം കാരണം രണ്ടു മാസം നീണ്ട സമുദ്രസഞ്ചാരത്തിനുശേഷം അവധിക്കു കരയിലിറങ്ങുമ്പോൾ, ഈ കപ്പൽക്കാരിലോരോരുത്തർക്കും ശരീരത്തിൻെറ തൂക്കം മുമ്പുണ്ടായിരുന്നതിനേക്കാൾ പതിനഞ്ചു റാത്തലെങ്കിലും കൂടിയിരിക്കുമത്രേ. ഭക്ഷണപ്രിയരേ, ഫ്രഞ്ച് മുങ്ങിക്കപ്പൽപ്പടയിൽ ചേരുക!

മുങ്ങിക്കപ്പലിൽ അടുക്കളയും ഭക്ഷണമുറിയും മാത്രമേ ഉള്ളു എന്നു കരുതേണ്ട. ഓരോന്നിലും വ്യത്യസ്ത ലക്ഷ്യങ്ങളിൽ വിക്ഷേപിക്കാവുന്ന ആറ് ആററംബോംബുകൾവീതം ഘടിപ്പിച്ച പതിനാറു 'മിർവ്'മിസ്സൈലുകൾ 'ഇൻഫ്ളെക്സിബി'ളിലുണ്ടു്. ഈ തൊണ്ണൂററാറു് ആററംബോംബുകൾ ഓരോന്നിൻെറയും സ്ഫോടനശക്തി ഒന്നരലക്ഷം ടൺ ടി.എൻ. ടി.യ്ക്കു തുല്യമാണ്. മുങ്ങിക്കപ്പൽ കിടക്കുന്ന സ്ഥലത്തുനിന്നു് നാലായിരത്തഞ്ഞൂറു കിലോമീററർ ദൂരത്തുവരെ ഈ ബോംബുകൾ വീഴ്ത്താൻ, അവ വഹിക്കുന്ന മിസ്സൈലുകൾക്കു കഴിവുണ്ടു്. ഇവ പ്രയോഗിക്കുന്നതിനുള്ള കല്പന ഫ്രഞ്ചു പ്രസിഡണ്ട് വേണം കൊടുക്കാൻ. ഫ്രഞ്ചു പ്രസിഡണ്ടിൻെറ കല്പന, അദ്ദേഹം എവിടെയിരുന്നാലും അദ്ദേഹത്തിൻെറ വാക്കുകളിൽത്തന്നെ റേഡിയോ—ടെലക്സ് ഉപകരണത്തിലൂടെ മുങ്ങിക്കപ്പലിൽ

ഉടൻ കിട്ടും. കപ്പൽ കിടക്കുന്നത് ലോകത്തിന്റെ ഏതു ഭാഗത്തായാലും, സമുദ്രത്തിന്റെ മുകളിലോ അടിയിലോ ആയാലും, പ്രസിഡണ്ടിന്റെ കല്പന പുറപ്പെട്ട്. ഏഴുമിനിററിനകം അതിലെ തൊണ്ണൂററാറ് ആററംബോംബുകളും നിശ്ചിതലക്ഷ്യങ്ങളിലേക്കു കതിച്ചുകഴിഞ്ഞിരിക്കും.

'ഇൻഫ്ളെക്സിബിൾ' കടലിലിറങ്ങുംവരെ ഫ്രാൻസിന്റെ മുങ്ങിക്കപ്പലുകളിൽ ആകെ, ഓരോന്നിലും ഒരേയൊരു അണുബോംബുമാത്രം ഘടിപ്പിച്ച നാല്പത്തെട്ട് മിസ്സൈലുകളേ ഉണ്ടായിരുന്നുള്ളവത്രേ ഇവയ്ക്കു പുറമേ, തെക്കേ ഫ്രാൻസിൽ, ആററംബോംബുകൾ ഘടിപ്പിച്ച, കരയിൽ നിന്നു പ്രയോഗിക്കാവുന്ന, പതിനെട്ടു മിസ്സൈലുകൾ റഷ്യയെ ചൂണ്ടി സ്ഥാപിച്ചിരുന്നു. ആററംബോംബുകൾ കയററി പറക്കാവുന്ന മുപ്പത്താറു 'മിറാഷ് IV' ഇനത്തിൽപ്പെട്ട ബോംബർവിമാനങ്ങളാണ് ഫ്രഞ്ച് വിമാനസേനയിലുള്ളത്—അങ്ങനെ ആകെ നൂററിരണ്ടോളം ആററംബോംബുകളാണ് ഫ്രഞ്ചുകാരുടെ കൈവശം ഉണ്ടായിരുന്നത്.

ഇപ്പോൾ 'ഇൻഫ്ളെക്സിബി'ളിൽത്തന്നെ തൊണ്ണൂററാറ് അണുബോംബുകൾ ഘടിപ്പിച്ചിരിക്കുന്നു. അടുത്ത ഏഴു വർഷങ്ങൾക്കിടയിൽ 1992-നു മുമ്പ് ഫ്രഞ്ചുകാർ ഇത്തരം അഞ്ചു മുങ്ങിക്കപ്പലുകൾകൂടി ഉണ്ടാക്കും. അവയിൽ അഞ്ഞൂറോളം അണുബോംബുകൾ സ്ഥാപിക്കുകയും ചെയ്യും. ഈ അണുബോംബുകൾക്കെല്ലാംകൂടി ആറുകോടി ആളുകളെ കൊല്ലാനുള്ള കഴിവ് ഉണ്ടാകുമത്രേ. രണ്ടാം ലോകമഹായുദ്ധത്തിൽ ആകെ മരിച്ച റഷ്യക്കാർ രണ്ടുകോടിയാണ്. ഇനി ഒരു യുദ്ധമുണ്ടായാൽ രണ്ടാം മഹായുദ്ധത്തിൽ സംഭവിച്ചതിന്റെ മൂന്നിരട്ടിയെങ്കിലും ആൾനാശം റഷ്യയ്ക്കുണ്ടാക്കാൻ ഫ്രാൻസിന്റെ കൈയിലുള്ള അണുബോംബുകൾ മാത്രം മതിയാവും. ഫ്രാൻസിനേക്കാൾ എത്രയോ കൂടുതൽ ആയുധശക്തി റഷ്യയുടെ മററു ശത്രുക്കൾക്ക്—അമേരിക്ക, ബ്രിട്ടൻ, ചൈന, പടിഞ്ഞാറെ ജർമനി, ഒരു പക്ഷേ, ജപ്പാൻ—ഉണ്ടെന്നും ഓർക്കുക!

ലോകരാഷ്ട്രങ്ങളിൽ ഏററവും വിപുലമായ മുങ്ങിക്കപ്പൽപ്പടയുള്ളത് സോവിയററ്യൂണിയനാണ്. ആകെ ഇരുനൂറെറൺപതു മുങ്ങിക്കപ്പലുകളാണത്രേ, സോവിയററ്സേനയിൽ ആക്രമണസജ്ജങ്ങളായി ഉള്ളത്. ഇവയിൽ അറുപത്തിരണ്ടെണ്ണത്തിലാണ് അണുബോംബുകൾ വളരെ അകലേക്കു വിക്ഷേപിക്കാവുന്ന മിസ്സൈലുകൾ ഘടിപ്പിച്ചിട്ടുള്ളത്. അമേരിക്കയുടെ കൈയിലുള്ളത് തൊണ്ണൂററാറു മുങ്ങിക്കപ്പലുകളാണത്രേ. ഇവയിൽ മുപ്പത്തിനാലെണ്ണത്തിൽ അണുബോംബുകൾ വിക്ഷേപിക്കുന്ന മിസ്സൈലുകൾ ഘടിപ്പിച്ചിരിക്കുന്നു. മുങ്ങിക്കപ്പലുകളുടെ എണ്ണം കൂടുതലുള്ളത് സോവിയററ്റഷ്യയ്ക്കാണെങ്കിലും, ഉള്ള കപ്പലുകളുടെ കാര്യക്ഷമത, ശബ്ദക്കുറവ് മുതലായവ നോക്കുമ്പോൾ മെച്ചം അമേരിക്കയ്ക്കാണെന്നു പറയപ്പെടുന്നു. ഇതിനു പുറമേ, ആഴത്തിൽ മുങ്ങിസ്സഞ്ചരിക്കുന്ന മുങ്ങിക്കപ്പലുകളെ കണ്ടുപിടിക്കാനുള്ള സംവിധാനങ്ങളുടെ കാര്യത്തിലും അമേരിക്ക റഷ്യയേക്കാൾ എത്രയോ മുന്നിട്ടുനിൽക്കുന്നു. 'ആയിരം നാഴിക ചുററുവട്ടത്തിൽ ഒരു മത്സ്യം അധോവായു വിട്ടാൽ, ആ മത്സ്യത്തെ ഉടൻ കണ്ടുപിടിക്കാനുള്ള കഴിവ് അമേരിക്കൻ മുങ്ങിക്കപ്പൽപ്പടയ്ക്കുണ്ട്'' എന്ന് ഒരു വിദഗ്ധൻ പറഞ്ഞത് 'ന്യൂസ്‌വീക്ക്'' വാരികയുടെ ജൂൺ 10 ലക്കത്തിൽ ഉദ്ധരിച്ചിരിക്കുന്നു.

അമേരിക്കയും സോവിയററ്യൂണിയനും തമ്മിൽ ഇനിയൊരു യുദ്ധമുണ്ടാവുകയാണെങ്കിൽ, ആ യുദ്ധത്തിലെ ഏററവും പ്രധാനമായ ആക്രമണോപകരണങ്ങൾ മുങ്ങിക്കപ്പലുകളായിരിക്കും. കാരണം, ഭൂമിക്കു മുകളിൽ ശത്രുസൈന്യങ്ങൾ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും ഉടനുടൻ കണ്ടു റിപ്പോർട്ടു ചെയ്യാൻ കഴിവുള്ള ചാര-ഉപഗ്രഹങ്ങൾ, ഈ രണ്ടു രാഷ്ട്രങ്ങളും ബാഹ്യാന്തരീക്ഷത്തിൽ വിക്ഷേപിച്ചിട്ടുണ്ട്. ജപ്പാനിലെ ഹിറോഷി

മയിലും നാഗസാകിയിലും അമേരിക്ക ചെയ്തതുപോലെ, വിമാനത്തിൽ ആറ്റംബോംബ് കയറ്റി ആക്രമണത്തിനു പുറപ്പെട്ടാൽ, വിമാനം താവളത്തിൽനിന്ന് ഉയരുന്നതിനുമുമ്പോ, ഉയർന്ന വിമാനം ഏറെദൂരം സഞ്ചരിക്കുംമുമ്പോ, റോക്കറ്റുകൾ ഉപയോഗിച്ച് വിമാനവും ആറ്റംബോംബും ഒരുമിച്ചു നശിപ്പിക്കാൻ ഇപ്പോൾ ശത്രുവിനു സാധിക്കും. അണുബോംബ് ഘടിപ്പിച്ച് കരയിൽ ഭൂമിക്കടിയിൽ, കോൺക്രീറ്റ് ഗുഹകളിൽ എവിടെയെല്ലാം റോക്കറ്റുകൾ അമേരിക്ക സ്ഥാപിച്ചിരിക്കുന്നു എന്ന് റഷ്യയ്ക്ക് അറിയാം; മറിച്ചും. അതിനാൽ, യുദ്ധം ഉണ്ടാവുമെന്ന് ഉറപ്പായാൽ, പുറപ്പെടുംമുമ്പോ പുറപ്പെട്ട ഉടനെ അന്തരീക്ഷത്തിൽവെച്ചോ ഈ റോക്കറ്റുകളിൽ ഭൂരിഭാഗവും എതിരാളിയാൽ തകർക്കപ്പെടുമെന്നതിലും യാതൊരു സംശയവുമില്ല. അതേസമയം, അണുശക്തി ഉപയോഗിച്ചു പ്രവർത്തിക്കുന്ന മുങ്ങിക്കപ്പലുകൾക്ക് മാസങ്ങളോളം കടലിൽ, എത്രയോ മീറ്റർ ആഴത്തിൽ, ഒച്ചയുണ്ടാക്കാതെ സഞ്ചരിക്കാൻ കഴിയും. ഭൂമധ്യരേഖയ്ക്കു വടക്ക്, കടലിൽ എവിടെയും, ആഴത്തിൽ മുങ്ങിക്കിടന്നുകൊണ്ട് ഇവയ്ക്കു ശത്രുരാജ്യത്തിലെ ലക്ഷ്യങ്ങളിൽ കൃത്യമായി വീഴുന്ന അണുബോംബുകൾ ഘടിപ്പിച്ച റോക്കറ്റുകൾ പ്രയോഗിക്കുക ഇപ്പോൾ സാധ്യമാണ്.

'ഹൈഡ്രോഫോൺ' എന്നറിയപ്പെടുന്ന, കടലിനടിയിലെ മൈക്രോഫോൺ ശൃംഖലയാണ് ഇപ്പോൾ മുങ്ങിക്കപ്പലുകളുടെ സ്ഥാനം നിർണയിക്കുന്നതിനു മുഖ്യമായും ഉപയോഗപ്പെടുത്തുന്നത്. വൻകരത്തീരത്തുനിന്ന് അകന്ന്, കടലിന്റെ ആഴം കുത്തനെ കീഴ്പ്പോട്ടു പോകുന്ന 'ഷെൽഫ്'' പ്രദേശങ്ങളിലും, കടലിടുക്കുകളിലും മറ്റും ഇത്തരം ഉപകരണങ്ങൾ ധാരാളമായി സ്ഥാപിച്ചിട്ടുണ്ട്. എത്രയോ മൈൽ ചുറ്റുവട്ടത്ത് കടലിനടിയിലുണ്ടാകുന്ന ചെറുശബ്ദങ്ങൾപോലും ഇവ ശേഖരിക്കുകയും കേബിളിലൂടെ ഈ ശബ്ദങ്ങളെ കരയിലുള്ള കമ്പ്യൂട്ടർകേന്ദ്രങ്ങളിൽ എത്തിക്കുകയുംചെയ്യുന്നു. ഈ കേന്ദ്രങ്ങളിലുള്ള 'സൂപ്പർ കമ്പ്യൂട്ടറുകൾ' ഈ ശബ്ദങ്ങളെ 'ചേറ്റിക്കൊഴിച്ച്'', തിമിംഗലത്തിന്റെയും മറ്റും ശബ്ദങ്ങളിൽനിന്നു മുങ്ങിക്കപ്പലുകളുടെ ശബ്ദം വേർതിരിച്ച് എടുക്കുന്നു. രണ്ടു മനുഷ്യരുടെ ശബ്ദങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നതുപോലെ, രണ്ടു മുങ്ങിക്കപ്പലുകളുടെ ശബ്ദങ്ങളും ഒരുപോലെയായിരിക്കുകയില്ല. അതിനാൽ, കേട്ട ശബ്ദം ഏതു മുങ്ങിക്കപ്പലിന്റേതാണെന്നും, അതിൽ എന്തെല്ലാം ആയുധസജ്ജീകരണങ്ങളുണ്ടെന്നും കമ്പ്യൂട്ടറുകൾ പറഞ്ഞുതരുമത്രെ.

ഹൈഡ്രോഫോണുകൾക്കു പുറമെ, വിമാനങ്ങളിൽനിന്നു കടലിൽ വിതറുന്ന 'സോണാ ബോയ്'' എന്ന ഉപകരണങ്ങളും മുങ്ങിക്കപ്പലുകളെ കണ്ടുപിടിക്കാൻ ഉപയോഗിച്ചുവരുന്നുണ്ട്. ഈ ഉപകരണങ്ങൾ വെള്ളത്തിൽ പൊങ്ങിക്കിടക്കുകയും, കടലിന്നടിയിലെ ശബ്ദങ്ങൾ കരയിലെ കമ്പ്യൂട്ടർകേന്ദ്രങ്ങളിലേക്കയയ്ക്കുകയും ചെയ്യുന്നു. കപ്പലുകൾ, മുങ്ങിക്കപ്പലുകൾ എന്നിവയിലും ഈ ആവശ്യത്തിനുള്ള യന്ത്രങ്ങൾ ഘടിപ്പിച്ചുവരുന്നുണ്ട്. കപ്പലുകളിൽനിന്നു വെള്ളത്തിനടിയിലേക്ക് അയയ്ക്കുന്ന ശബ്ദവീചികൾ, അടിയിലെ കനത്ത വസ്തുക്കളിൽ തട്ടി തിരിച്ചുവരുമ്പോൾ, തങ്ങളെ തടഞ്ഞു തിരിച്ചയച്ച വസ്തുവിന്റെ പല വിവരങ്ങളും അവ നൽകുന്നു. ആഴത്തിലൂടെ മുങ്ങിക്കപ്പൽ നീങ്ങുമ്പോൾ വെള്ളത്തിന്റെ മുകൾപ്പരപ്പിലുണ്ടാകുന്ന ചെറിയ തരംഗങ്ങൾ മുങ്ങിക്കപ്പലിൽ തട്ടിവരുന്ന വെള്ളത്തിലെ അല്പമായ താപവ്യത്യാസം, അണുശക്തികൊണ്ടു പ്രവർത്തിക്കുന്ന മുങ്ങിക്കപ്പലിൽനിന്നുള്ള ലഘുവികിരണങ്ങൾ മുതലായവ രേഖപ്പെടുത്തി കമ്പ്യൂട്ടർ സെന്ററുകളിൽ എത്തിക്കാൻ കഴിവുള്ള ഉപകരണങ്ങൾ അന്തരീക്ഷത്തിൽ ഭൂമിയെ വലംവയ്ക്കുന്ന ചാര–ഉപഗ്രഹങ്ങളിൽ ഉണ്ട്. ഇവ വേണ്ടത്ര ഫലപ്രദമാവുന്നില്ലെന്നാണ് ഇപ്പോഴത്തെ പരാതി.

ഇതൊക്കെയായാലും, ധ്രുവസമുദ്രങ്ങളിലെ കട്ടി മഞ്ഞിനടിയിൽ പുതഞ്ഞു കിടക്കുന്ന റഷ്യാക്കാരുടെ വലിയ, 'ടൈഫൂൺ' വർഗത്തിൽപ്പെട്ട, മുങ്ങിക്കപ്പലുകളെ കണ്ടുപിടിക്കുവാൻ അമേരിക്കൻ നാവികസേന വളരെ പ്രയാസപ്പെടുന്നുണ്ടെന്ന് 'ന്യൂസ് വീക്ക്' വാരിക (ജൂൺ 10) പറയുന്നു. ഈ റഷ്യൻ മുങ്ങിക്കപ്പലുകളിൽ ചിലതിനു രണ്ടാം മഹായുദ്ധത്തിൽ ഉപയോഗിച്ചിരുന്ന വിമാനവാഹിനിക്കപ്പലുകളെക്കാൾ വലുപ്പമുണ്ടത്രേ. ഒന്നിൽ പല അണുബോംബുകൾ ഘടിപ്പിച്ച ഇരുപതു മിസൈലുകൾ അമേരിക്കൻ ലക്ഷ്യങ്ങളിൽ വിക്ഷേപിക്കാൻ റഷ്യൻ മുങ്ങിക്കപ്പലുകൾക്കു കഴിവുണ്ട്. കടൽയുദ്ധം സംബന്ധിച്ച എല്ലാ മുൻധാരണകളേയും 'ടൈഫൂൺ' മുങ്ങിക്കപ്പലുകൾ മാററിമറിച്ചിരിക്കുന്നു.

'മുങ്ങിക്കപ്പലുകളെ കണ്ടുപിടിക്കുന്ന കാര്യത്തിൽ ഫ്രാൻസ് അമേരിക്കയുടെ നാലോ അഞ്ചോ വർഷം പുറകിലാണ്; റഷ്യ ഫ്രാൻസിന്റെ അഞ്ചോ പത്തോ വർഷം പുറകിലും' എന്ന് ഒരു ഫ്രഞ്ചു വിദഗ്ധൻ പറഞ്ഞതായി 'ന്യൂസ് വീക്ക്' വാരിക (ജൂൺ 10) രേഖപ്പെടുത്തിയിട്ടുണ്ട്. കണ്ടുപിടിച്ച മുങ്ങിക്കപ്പലിനെ നശിപ്പിക്കാനുള്ള ടോർപിഡോ ഉപകരണങ്ങളുടെ രംഗത്തു വന്നുകൊണ്ടിരിക്കുന്ന പുരോഗതിയെക്കുറിച്ചും ഈ വാരിക പല വിവരങ്ങളും തരുന്നു.

എല്ലാ രാജ്യങ്ങളിലും ആയുധങ്ങളുടെ കാര്യം, പൊതുവെ, രഹസ്യമാണ്. മുങ്ങിക്കപ്പലുകളുടെ കാര്യമാകട്ടെ പരമരഹസ്യവും. ആയുധനിർമാണമെന്ന പാതാളനികുംഭിലയിൽ എന്തൊക്കെയോ നടക്കുന്നുണ്ടെന്നുമാത്രമേ സാധാരണക്കാർക്ക്—ഏതു രാജ്യത്തിലും—അറിയാവൂ. മരണത്തിന്റെ പാചകന്മാർ തയ്യാറാക്കുന്ന വിഭവങ്ങൾ എന്തെല്ലാമെന്ന്, ലോകവ്യാപകമായ അണുയുദ്ധമെന്ന സദ്യ ആരംഭിക്കുമ്പോഴേ ജനങ്ങൾ മനസ്സിലാക്കുകയുള്ളൂ. മനസ്സിലാക്കിയതുകൊണ്ടുള്ള പ്രയോജനം അപ്പോഴേക്ക് ഇല്ലാതായിക്കഴിഞ്ഞിരിക്കും.

ജനങ്ങളെ, ഉണരുക! ജീവമണ്ഡലത്തെ ആകെ സംഹരിക്കുന്നതിനുള്ള ഈ രാക്ഷസീയപരിശ്രമങ്ങൾക്കെതിരെ ശബ്ദമുയർത്തുക.

(15 ജൂൺ, 1985)

# 7. മരണവ്യവസായം ഉഷാർ

ഒരു മില്യൺ=പത്തു ലക്ഷം. ഒരു ബില്യൺ=ആയിരം മില്യൺ=നൂറു കോടി. ഒരു ട്രില്യൺ=ഒരു മില്യൺ മില്യൺ=ഒരു ലക്ഷം കോടി. ഒരു ഡോളർ=പത്തു രൂപ.

ഈ കണക്ക് ഇവിടെ പറഞ്ഞത് എന്തിനെന്നല്ലേ? 1985–ാമാണ്ടിൽ ആയുധങ്ങൾ ഉണ്ടാക്കുന്നതിനും സൈനികച്ചെലവുകൾക്കുമായി ഒരു ട്രില്യൺ ഡോളർ ലോകരാഷ്ട്രങ്ങൾ ചെലവഴിക്കുമെന്ന് അമേരിക്കയിലെ ആയുധ–നിയന്ത്രണ–നിരായുധീകരണ–ഏജൻസി കണക്കാക്കിയിരിക്കുന്നു.

ഒരു ലക്ഷം കോടി ഡോളർ എന്നാൽ, പത്തു ലക്ഷം കോടി രൂപ. ആലോചിച്ചാൽ തലചുററൽ ഉണ്ടാക്കുന്ന ഒരു സംഖ്യയാണ് ഇത്.

1985-ാമാണ്ടിൽ ലോകത്തിലാകെ അഞ്ഞൂറുകോടിയിലേറെ ജനങ്ങളുണ്ടായിരിക്കും. ഇതിനർത്ഥം, സ്ത്രീകളും കുട്ടികളും കിഴവന്മാരും എല്ലാ